
e
വ ഴി
ഡിജിറ്റൽ മാഗസിൻ
ചൊവ്വ ഹയർ സെക്കണ്ടറി സ്കൂൾ. കണ്ണൂർ

# MESSAGE



*I am very glad to know that little kites of Chovva HSS kannur is publishing a magazine*
*it is pleasant to know that the magazine will provide a good platform for students to showcase the creative talent . I hope that the magazine named e vazhi will rich and elegant I wish all the success to the endeavour.*

*C M AASA*
*Head Mistress*

# മുഖമൊഴി

കാലം ഒഴുകികൊണ്ടിരിക്കുകയാണ്. ചരിത്രമുറങ്ങുന്ന
ഇന്നലെകളിൽ നിന്ന് യാഥാർത്ഥ്യത്തിൻെ്റ ഇന്നിലൂടെ പ്രതീക്ഷകളുടെ, സ്വപ്നങ്ങളിലൂടെ നാളെയിലേക്ക്.

ചൂണ്ടുവിരലുകൾകൊണ്ട് മണലിൽ അക്ഷരങ്ങളുടെ മഴവില്ല് സൃഷ്ടിച്ച മനുഷ്യൻ എഴുത്താണിയിലൂടെ അറിവിൻെറ ഗോപുരങ്ങൾ കീഴടക്കി. കടലാസിൻെ്റയും അച്ചടിയുടെയും അകമ്പടിയോടെ അവൻ തുടരുന്ന യാത്ര ഇന്നിതാ സാങ്കേതികവിദ്യയുടെ പുത്തൻ മേച്ചിൽ പുറങ്ങൾ തേടുന്നു.

ആ യാത്രയിൽ ചൊവ്വ ഹയർ സെക്കൺണ്ടറിയിലെ കുട്ടികളും പങ്കുചേരുന്നു . ഈ ഡിജിറ്റൽ മാഗസിൻ അതിൻെറ മുന്നോടിയാണ്. ലിറ്റിൽ കൈറ്റ്സിൻെറ പരിശീലനത്തിലൂടെ കിട്ടിയ അറിവാണ് ഈയൊരു ശ്രമത്തിന് ഞങ്ങൾക്ക് ധൈര്യം നൽകിയതെന്ന് നന്ദിയോടെ സ്മരിക്കട്ടെ
.........ഒന്നു കൂടി............ .
പഠനത്തിൻെറ  തിരക്കുകൾക്കിടയിൽ നോട്ടുപുസ്തകത്തിൻെറ കാണാപ്പുറങ്ങളിൽ എപ്പഴൊക്കെയോ കുത്തികുറിച്ചിട്ട വാക്കുകളാണ് ഇവിടെ പ്രകാശിതമാകുന്നത്. ഇതിൻെറ സൗന്ദര്യവൈരൂപ്യങ്ങളെക്കുറിച്ച് പരിശോധിക്കുമ്പോൾ ഇതുകൂടി ഓർക്കണമെന്ന അഭ്യർത്ഥനയോടെ ഇനി നിങ്ങളുടെ കൈകളിലേക്ക്..............



നിരഞ്ജൻ പ്രമോദ്

\-


സമർപ്പണം
ഒരു മഴവെള്ളപ്പാച്ചലിന്റെ ദുരന്തമുഖത്തു നി ന്
ഉയർത്തെഴുന്നേൽപ്പിച്ച ആ കൈകൾക്ക്....
... മനസ്സുകൾക്ക്.............

## താളുകൾ മറിയുമ്പോൾ

സ്നേഹമഴ ........................................ 8
പരിശ്രമത്തിലൂടെ വിജയിച്ച ഉറുമ്പുകൾ........................................ 9
അമ്മതൻ സ്നേഹം ........................................ 10
ഇരുട്ടിന്റ്റെ വെളിച്ചം ........................................ 11
ഒരു ഉറുമ്പിനെ പരിശ്രമം ........................................ 12
ഭൂതകാലത്തിൻെ്റ പ്രതിബിംബം ........................................ 13
ലഹരി ........................................ 18
കുടിയും വലിയും ........................................ 20
സ്നേഹസമ്മാനം ........................................ 21
അഹങ്കാരത്തിന് കിട്ടിയ പണി... ........................................ 23
പ്രപഞ്ചം ........................................ 24
The Trumpet of Marine ........................................ . 25
The duplicate diamond necklace ........................................ 27
Childhood Springs ........................................ 31
Cinquains ........................................ 32
SMILE ........................................ 33
QUIZ ........................................ 34
QUOTES ABOUT EDUCATION ........................................ 35
Music ........................................ 36
WRITES MUSIC OF MY SOUL ........................................ 37
*NATURE POEM ........................................38*
*Surprising Number Pattern ........................................40*

## ചൊവ്വ എച്ച് എസ് എസ്

കണ്ണൂർ നഗരത്തിന്റെ അടുത്തായി സ്ഥിതി ചെയ്യുന്ന ഒരു എയ്ഡഡ് വിദ്യാലയമാണ് **ചൊവ്വ ഹയർ സെക്കണ്ടറി സ്കൂൾ**. ജില്ലയിലെ ഏറ്റവും പഴക്കമേറിയ വിദ്യാലയങ്ങളിലൊന്നാണ് ഇത്.

### ചരിത്രം

ബംഗ്ലാവ് സ്കൂൾ എന്ന പേരിൽ അറിയപ്പെട്ടിരുന്ന ചൊവ്വ സ്കൂൾ 1937-ൽ എലമെൻററി സ്കൂളായും 1945-ൽ ഹൈസ്കൂളായും ഉയർത്തപ്പെട്ടു. 2000-ത്തിൽ വിദ്യാലയത്തിലെ ഹയർ സെക്കണ്ടറി വിഭാഗം പ്രവർത്തനമാരംഭിച്ചു. 5 മുതൽ 12 വരെ ക്ലാസ്സുകളിലായി 2000 ത്തോളം കുട്ടികൾ പഠിക്കുന്നു. 5 മുതൽ 10 വരെ ക്ലാസ്സുകൾക്ക് ഇംഗ്ലീഷ് - മലയാളം മീഡിയം വിഭാഗം ഉണ്ട്. ഹയർ സെക്കണ്ടറിയിൽ സയൻസ് കോമെഴ്സ് ബാച്ചുകൾ ഉണ്ട്.

### ഭൗതികസൗകര്യങ്ങൾ

മൂന്ന് ഏക്കർ ഭൂമിയിലാണ് വിദ്യാലയം സ്ഥിതി ചെയ്യുന്നത്. ഹൈസ്കൂളിന് 5 കെട്ടിടങ്ങളിലായി 41 ക്ലാസ് മുറികളും ഹയർ സെക്കണ്ടറിക്ക് ഒരു കെട്ടിടത്തിലായി 12 ക്ലാസ് മുറികളുമുണ്ട്. അതിവിശാലമായ ഒരു കളിസ്ഥലം വിദ്യാലയത്തിനുണ്ട്.

ഹൈസ്കൂളിനും ഹയർസെക്കണ്ടറിക്കും വെവ്വേറെ കമ്പ്യൂട്ടർ ലാബുകളുണ്ട്. രണ്ട് ലാബുകളിലുമായി ഏകദേശം അമ്പതോളം കമ്പ്യൂട്ടറുകളുണ്ട്. രണ്ട് ലാബുകളിലും ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ലഭ്യമാണ്.

**പാഠ്യേതര പ്രവർത്തനങ്ങൾ**

- എൻ.സി.സി.
- സ്കൗട്ട് & ഗൈഡ്സ്.
- ജെ. ആർ. സി
- ക്ലാസ് മാഗസിൻ.
- വിദ്യാരംഗം കലാ സാഹിത്യ വേദി.
- ക്ലബ്ബ് പ്രവർത്തനങ്ങൾ.
- ഫുട്ബാൾ ടീം
- ഗുസ്തി ടീം
- ക്രിക്കറ്റ് ടീംചൊവ്വ എച്ച് എസ് എസ്/
- ലിറ്റിൽകൈറ്റ്സ്

ചൊവ്വ എഡ്യുക്കേഷണൽ സൊസൈറ്റിയാണ് വിദ്യാലയത്തിന്റെ ഭരണം നടത്തുന്നത്. നിലവിൽ 2 വിദ്യാലയങ്ങൾ ഈ മാനേജ്മെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്.

## സ്നേഹമഴ

കുതിച്ചുവന്ന തുലാമഴ
ഇടിയും മിന്നലും കാറ്റും
പെരുവഴിയിലായി വൃദ്ധൻ
ആരെയോ കാത്തിരിക്കുന്നു
ആ തപ്ത പിതാവിന്റെ
കണ്ണുനീരോ മറ്റൊരു മഴയായി
തീവണ്ടി പോലെ കിതച്ചു
പായുന്ന  വഴിപോക്കർ
തിരിഞ്ഞുനോക്കാനോ
മനസ്സില്ല സമയമില്ല
പെട്ടെന്നൊരു ബാലിക
അച്ഛന്റെ കൈ വിട്ടോടിയെത്തി
തന്റെ വർണക്കുട
സമ്മാനിച്ചിങ്ങനെ കൊഞ്ചി
മുത്തശ്ശാ പേടിക്കണ്ട
ഞാനില്ലേ തണലായി
കുഞ്ഞിന്റെ ഓമന നന്മയിൽ
അച്ഛൻകണ്ണീരണഞ്ഞു



നിവേദിത സുരേശൻ


9 B

പരിശ്രമത്തിലൂടെ വിജയിച്ച ഉറുമ്പുകൾ

ഒരു ഗ്രാമത്തിൽ അമ്മ ഉറുമ്പും മൂന്ന് കുഞ്ഞു ഉറുമ്പുകലളും ജീവിച്ചിരുന്നു. ഒരു ശക്തമായ മഴവന്നപ്പോൾ അവരുടെ വിട്ടു തകർന്നുപോയി.
പാവമായ ആമ്മ ഉറുമ്പും മൂന്ന് കുഞ്ഞുറുമ്പുകളും വഴിയാതരായി. പിന്നെ അവർക്ക് ഭക്ഷണമൊന്നും കിട്ടാതായി . അവർ പതുക്കെ നടക്കാൻ തുടങ്ങി . കുറേ അകലെ എത്തിയപ്പൊൾ അവർ സുന്ദരമായ ഇടം കണ്ടപ്പോൾ അമ്മ ഉറുമ്പ് വിചാരിച്ചു എൻെറ കുഞ്ഞുങ്ങൾക്ക് കിടപ്പുറം നൽകണമെന്നുണ്ട് .
അവർ വളരെ ശീണിതരാണ് . പിന്നെ അമ്മഉറുമ്പ് ഒരു വീട് നിർമ്മിക്കാൻ തുടങ്ങി . കുറെ മണ്ണുകളൊക്കെ വച്ച് ഒരു വീടുണ്ടാക്കി. അത് പിന്നെ അവർ ഭക്ഷണം തേടി പോയപ്പോൾ ആരോ വന്ന് ആ വീട് തകർത്തു. അമ്മഉറുമ്പും കുഞ്ഞുറുമ്പുകളും തിരിച്ചുവന്നപ്പോൾ വിടൊക്കെ തകർന്നിരിക്കുന്നു. അമ്മ ഉറുമ്പ് വിചാരിച്ചു വീണ്ടും പരിശ്രമിച്ചുനോക്കാം .
അവർ വീണ്ടും വീടുനിർമ്മിച്ചു സുഗമായി ജീവിച്ചു

അനുസ്മയ കെ വി





## അമ്മതൻ സ്നേഹം

മലയാള ഭാഷതൻ മാധുര്യം
ക്രൂട്ടൂന്ന വാക്കാണ് 'അമ്മ'
ഓരോ മലയാളി തൻ നാക്കിൽ മുരളുന്ന
ആദ്യത്തെ വാക്കാണ് അമ്മ
പുഞ്ചിരി തൂകാനും കണ്ണീർ ഒലീക്കാനും
ഊർജ്ജും പകർന്നിടും അമ്മ
'സ്നേഹം' മെന്ന പദത്തിന്റെ അർത്ഥം
പകർന്നിട്ടും റോസാപ്പൂമൊട്ടാണെന്റെഅമ്മ
താൻ പാദധൂളിയിൽ
എൻ പാദം സ്പർശിച്ച്
എൻ മാതൃകയായെന്റെ അമ്മ
ആ അമ്മതൻ മാറിൽ ചാർന്നു കിടന്നാൽ
മനം ആനനമാകുന്ന പോലെ

അനുരാജ്.പി.വി
8f

## <u>ഇരുട്ടിന്റെ വെളിച്ചം</u>

വേനലിൽ ചൂടിലെ യാത്രയിൽ
തിരിഞ്ഞുനോക്കവേ......
പിന്നിട്ട സഹസ്രമാം ജീവിത പാതകൾ
ഇനിയുണ്ട് മുന്നിലായി അനന്തമാം വീഥികൾ
പെട്ടെന്ന കണ്ടുഞാൻ കോരിത്തരിച്ചു പോയ്
എന്നിലെ നിഴലങ്ങു വിട്ടങ്ങു പോകയോ
ഉച്ചിയിൽ സൂര്യൻ ഉദിച്ചങ്ങു നിൽക്കവേ,
എന്നിലെ വെട്ടവും കെട്ടങ്ങു പോകയോ
എവിടെന്റെ നിഴലിന്ന മാറി ഗതിക്കുന്ന
എന്നിലെ ചൈതന്യം അവനിലേക്കെത്തിയോ
ഇരുട്ടിന്റെ ലോകത്ത് ഞാനകപ്പെട്ടുവോ
വെളിച്ചത്തോരന്ധനായ് ഞാനെങ്ങു പോകയോ
ഞാനിങ്ങു നിഴലായി പരിണമിക്കുന്നുവോ....
ഇരുട്ടിന്റെ ലോകത്ത് അഹങ്കരിക്കുന്ന ഞാൻ
അറിവിൻ വെളിച്ചമേ അകന്നു പോകനീ
മിഥ്യതൻ മറവിൽ ഞാൻ നിഴലിനെ തേടട്ടെ
ഇരുളിൽ നിഴലിന്റ "അധിപനായി"മാറട്ടെ.

തുളസി 9-A



# ഒരു ഉറുമ്പിന്റെ പരിശ്രമം

ഒരിടത്ത് ഒരു ഉറുമ്പ് താമസിച്ചിരുന്നു അവൻറെ പേര് കിട്ടു. അവൻ വളരെ പാവമായിരുന്നു. അവനെ അവൻറെ കൂട്ടുകാർ ഒപ്പം കൂട്ടുകയോ കളിക്കാൻ കൂട്ടുകയോ ചെയ്തിരുന്നില്ല. അവനെ അവർ താമസിക്കാൻ ഒപ്പംകൂട്ടി ഇല്ലായിരുന്നു. അവൻ തനിച്ച് വേറൊരു മാളത്തിൽ ആയിരുന്നു താമസിച്ചിരുന്നത്. അവന് അതിലൊക്കെ വളരെ വിഷമമുണ്ടായിരുന്നു. ഒരുദിവസം അവൻ പുറത്തിരിക്കുന്ന സമയത്ത് അവൻറെ കൂട്ടുകാർ വരിവരിയായി എവിടേക്കോ പോകുന്നുണ്ടായിരുന്നു. അവൻ അവരിൽ ഒരാളോട് ചോദിച്ചു. ഞാനും നിങ്ങളുടെകൂടെ വരട്ടെ എന്ന് ഹേയ് നീ ഒറ്റയ്ക്ക് വന്നാൽ മതി. അവന് അത് വളരെ സങ്കടമായി. ആവൻ തളർന്നില്ല അവൻ അവരറിയാതെ അവരുടെ പിന്നാലെ പോയി. അവർ ഓരോ ധാന്യം എടുത്ത് പോകുന്നുണ്ടായിരുന്നു. അവൻ ഒരു ധാന്യം എടുക്കാൻ ശ്രമിച്ചുഅവന് കഴിഞ്ഞില്ല. അവൻ എടുക്കുമ്പോഴേക്കും താഴെവീണു.അവനെക്കണ്ട് എല്ലാവരും പൊട്ടിച്ചിരിച്ചു. അവൻ മൂന്നുവട്ടംഅതേപോലെ വീണു. പക്ഷേ അവൻ തളർന്നില്ല. അവൻഅത്അവൻറെ പുറത്തു കയറ്റി മെല്ലെ നടന്നു. കുറച്ചുകഴിഞ്ഞപ്പോൾ അവൻ അവരെക്കാൾ കൂടുതൽ ധാന്യം ശേഖരിച്ചു. അവൻ അവരോടു പറഞ്ഞു. കൂട്ടുകാരെ പരിശ്രമിച്ചാൽ ആർക്കും എന്തുവേണമെങ്കിലും ചെയ്യാൻ കഴിയും.അതുകേട്ടപ്പോൾ അവർ പറഞ്ഞു." ഞങ്ങൾ ഇനി നിന്നെ വേദനിപ്പിക്കില്ല. പിന്നീട് ഒരിക്കലും അവർ അവനെ വേദനിപ്പിച്ചില്ല.

നേഹ വി
6 C

## ഭൂതകാലത്തിന്റെ പ്രതിബിംബം

-നിരഞ്ജൻ പ്രമോദ്

*വളരെയേറെ ജാഗ്രതയോടെയാണ് വിനോദ് അദ്ധ്യാപകന്റെ കസേരയെ സമീപിച്ചത്. കയ്യിൽ നിവർത്തിയ കോമ്പസുണ്ടായിരുന്നു. അവൻ ചുറ്റും നോക്കി,ആരും അവനെ ശ്രദ്ധിക്കുന്നില്ലെന്ന് ഉറപ്പുവരുത്തി. വിനോദ് ആ കോമ്പസ്സ് കസോരയിൽ കുത്തികയറ്റി. അതിന്റെ മുന മുകളിലേക്ക് പൊന്തിച്ചുനിർത്തി.*

*വിനോദ് ആ ക്ലാസ്സിലെ ഏറ്റവും വികൃതിയായ കുട്ടിയാണ്. അവൻ കാരണം എല്ലാവർക്കും ശല്യമാണ്. വിനോദ് ട്യൂഷന് പോകുന്നത് കൊണ്ട് ക്ലാസ്സിൽ ശ്രദ്ധിക്കണമെന്ന് നിർബന്ധമില്ല. എന്നാൽ മറ്റ കുട്ടികൾക്ക് ക്ലാസ്സുകൾ തന്നെ അഭയം*

*വിനോദ് കോമ്പസ്സ് വച്ചശേഷം തന്റേതു പോലുള്ള മറ്റൊരു  കോമ്പസ്സ് ബോക്സ് തിരഞ്ഞു നടന്നു. ഒടുവിൽ അവൻ കണ്ടെത്തി. രാഹുലിന്റെ കോമ്പസ്സ് ബോക്സ്. വിനോദ് വേഗം തന്നെ അതിലെ കോമ്പസ്സ് തന്റെ ബോക്സിലേക്ക് മാറ്റി. എന്നിട്ട് അവന്റെ ക്ലാസ്സിനു മുന്നിലെ പുളിമരചോട്ടിൽ ഇരുന്നു കൊണ്ടാലോചിച്ചു.*

*"ആ മാധവൻ മാസ്റ്ററുടെ അഹങ്കാരം ഇന്നത്തോടെ തീരും"*

*വിനോദിന്  മാസ്റ്ററോട് കടുത്ത വിരോധമുണ്ടായിരുന്നു. ഇന്നലെ വിനോദ് ക്ലാസ്സിൽ വച്ച് ഒരു കുട്ടിയുമായി സംസാരിച്ച് ബഹളമുണ്ടാക്കി. മാസ്റ്റർ അവനെ പുറത്താക്കുക മാത്രമല്ല.*

അവനെ ഒരുപാട് തല്ലുകയും ചെയ്തു. നാളെ ക്ലാസ്സിൽ കയറണമെങ്കിൽ അച്ഛന്റെ കത്തു കൊണ്ടുവരണണെന്നും പറഞ്ഞു. അച്ഛന്റെ കത്തു കൊണ്ടുവരാൻ പറഞ്ഞതാണ് വിനോദിന് ഏറ്റവും സങ്കടം. അച്ഛനറിഞ്ഞാൽ പിന്നെ അടിയുടെ പൂരമായിരിക്കും. പക്ഷെ , പറയാതെ വയ്യ. വിനോദ് അച്ഛനോട് കാര്യം പറഞ്ഞു, നല്ല തല്ലുകൊണ്ടു. അന്ന് അവന് ഭക്ഷണവും ലഭിച്ചില്ല, പക്ഷെ കത്ത് കിട്ടി. അപ്പോൾ അവൻ മനസ്സിൽ ഉറപ്പിച്ചു, മാസ്റ്റർക്ക് ഒരു പണി കൊടുക്കണമെന്ന്.

അവൻ ക്ലാസ്സിൽ കയറിയിരുന്നു, അപ്പോൾ ബെല്ലടിച്ചു, എല്ലാവരും ക്ലാസ്സിൽ കയറിയിരുന്നു. മാധവൻ മാസ്റ്റർ തന്റെ വലിയ ചൂരലും പുസ്തകവുമായി ക്ലാസ്സിലേക്ക് കയറിവന്നു. ക്ലാസ്സിൽ നിലനിന്നിരുന്ന നേർത്ത ശബ്ദം പോലും നിലച്ചു.

വിനോദിന്റെ ഹൃദയം പടപടാന്ന് ഇടിച്ചു. സാർ ഇരിക്കുന്നില്ല. എന്തോ മോശം സംഭവിക്കാൻ പോകുന്നതായി വിനോദിന് തോന്നി. അവൻ കണ്ണുമടച്ച് മാസ്റ്ററുടെ കരച്ചലിനായി കാതോർത്തു.

" വിനോദ്! നീ അച്ഛന്റെ കത്ത് കൊണ്ട് വന്നിട്ടുണ്ടോ? "

വിനോദ് ഞെട്ടിയുണർന്നു, അവൻ വിക്കിവിക്കിപറഞ്ഞു.

"അത്......ഇല്ല,അല്ല.........ഉണ്ട്. "

"എവിടെ? ഇങ്ങോട്ടു കൊണ്ടു വരു. "

വിനോദ് കത്തുമായി മാസ്റ്ററുടെ അടുത്തേക്ക് ചെന്നു. അതാ മാസ്റ്റർ കസേരയിൽ ഇരിക്കുന്നു. പിന്നെ കേട്ടത് ഒരു

നിലവിളിയാണ്.

"ഹാാാാ.........!"

മാസ്റ്റർ നിലത്ത് വീണ് പിടയുകയായിരുന്നു. ചോര നിലത്തും കസേരയിലും ചിതറികിടക്കുന്നുണ്ടായിരുന്നു. വിനോദ് സ്തംഭിച്ചുപോയി. അവൻ അത്രയും പ്രതീക്ഷിച്ചിരുന്നില്ല.

അപ്പോഴേക്കും മറ്റു ക്ലാസ്സിലെ അദ്ധ്യാപകരും കുട്ടികളും ഓടിയെത്തി. അവർ മാധവൻ മാസ്റ്ററെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

പിറ്റേന്ന് ഹെഡ്മാസ്റ്റർ രാഘവൻ സാർ പത്ത്-ഡിയിലേക്ക് തന്റെ വലിയ ചൂരലും കൈയ്യിൽ പിടിച്ചു കൊണ്ട് കടന്നുവന്നു.

"എല്ലാവരുടേയും കോമ്പസ്സ് ബോക്സ് പരിശോധിക്ക്!" ഹെഡ്മാസ്റ്റർ പ്യൂണിനോട് അലറി.

വിനോദിന്റെ ഹൃദയം ഒരു ജെറ്റ് വിമാനത്തെകാൾ വേഗത്തിൽ ഇടിച്ചു.

രാഹുലിന്റെ കോമ്പസ്സ് ഞാൻ എന്റെ കോമ്പസ്സ് ബക്സിലേക്ക് മാറ്റിയസ്ഥിക്ക് എന്റെ നില സുരക്ഷിതമാണ്, രാഹുൽ പിടിക്കപ്പെടും.

വിനോദ് പ്രതീക്ഷിച്ചപോലെ രാഹുൽ പിടിക്കപ്പെട്ടു. ഹെഡ്മാസ്റ്റർ രാഹുലിനെ നോക്കി അലറി.

"എടാാാാ.............! ഇവിടെ വാടാ!"

ഹെഡ്മാസ്റ്റർ രാഹലിനെ കലിതീരെ തല്ലി. അവന്റെ തുടപൊട്ടി ചോര വരുന്നുണ്ടായിരുന്നു. രാഹുൽ കരഞ്ഞ് പറഞ്ഞു.

"ഞാനല്ല, ഞാൻ അങ്ങനെ ചെയ്തില്ല."

രാഹുലിനെ ഹെഡ്മാസ്റ്ററുടെ ഓഫീസിലേക്ക് കൊണ്ട്

പോയി.

കുറച്ചു കഴിഞ്ഞ് ഒരു അസംബ്ലി വിളിക്കപ്പെട്ടു. ഹെഡ്മാസ്റ്ററുടെ കൂടെ രാഹുലും ഉണ്ടായിരുന്നു. ഹെഡ്മാസ്റ്റർ പ്രസംഗിച്ചു തുടങ്ങി.

"പ്രിയപ്പെട്ട കുട്ടികളെ, നമ്മുടെ സ്കൂളിലെ അദ്ധ്യാപകനായ മാധവൻ മാസ്റ്റർ ഇന്ന് ആശുപത്രിയിൽ മരണത്തോട് മല്ലിടുകയാണ്. അദ്ദേഹത്തിൻ്റ ഈ അവസ്ഥക്ക് കാരണക്കാരനായ രാഹുലെന്ന കുട്ടിയെ ഈ സ്കൂളിൽ നിന്ന് പുറത്താക്കുകയാണ്."

രണ്ടുപേരവിടെ ബോധം കെട്ടു വീണു.

രാഹുലും വിനോദും.

രാഹുലിൻ്റ അടുത്ത് നിന്നവർ പറഞ്ഞു.

"പാവം ഭാവി നശിച്ചു."

വിനോദിൻ്റ അടുത്തുനിന്നവർ പറഞ്ഞു.

"തീരെ ആരോഗ്യമില്ല, വെയിൽ കൊണ്ടിട്ടാകും."

കുറച്ച് ദിവസങ്ങൾക്ക് ശേഷം വിനോദിനെ തേടി ഒരു ദുഖവാർത്തയെത്തി. കോമ്പസ്സ് മുനയിലെ അണുബാധയാൽ മാധവൻ മാസ്റ്ററുടെ ഒരു കാൽ മുറിച്ചു മാറ്റേണ്ടി വന്നു. ഈ രണ്ടു സംഭവങ്ങളും വിനോദിൻ്റ മനസ്സിനെ മാറ്റി മാറിച്ചു. അവൻ പ്രതിഞ്ജയെടുത്തു.

"ഇനി വികൃതിയാകില്ല, നന്നായി പഠിക്കും"

കാലങ്ങൾക്കപ്പുറം തൻ്റ ഭൂതകാലം ഒരു പടം പോലെ വിനോദ് മാസ്റ്ററുടെ മനസ്സിലൂടെ കടന്നുപോയി.അദ്ദേഹം വളരെ സന്തോഷവാനായിരുന്നു കാരണം അദ്ദേഹത്തിന് തൻ്റ പഴയ സ്കൂളിൽ തന്നെ പഠിപ്പിക്കാൻ അവസരം കിട്ടി. കൂടാതെ

പത്ത്-ഡിയുടെ ക്ലാസ്ചാർജ്ജും കിട്ടി.

ദിവസങ്ങൾ കടന്ന് പോയി. വിനോദ് മാസ്റ്റർ ക്ലാസിൽ എത്തിയപ്പോൾ കുട്ടികളെല്ലാം നിശബ്ദരായി, വിനോദ് മാസ്റ്റർ കസേരയിൽ ഇരിക്കാൻ പോകുമ്പോൾ അദ്ദേഹം കസേരയിൽ വെറുതെ ഒന്ന് കണ്ണോടിച്ചു. അദ്ദേഹം ഞെട്ടിപോയി അതാ അവിടെ ഒരു കോമ്പസ്സ്. അദ്ദേഹം ആ കോമ്പസ്സ് കൈയ്യിലെടുത്ത് ചോദിച്ചു.

"ഈ കോമ്പസ്സ് ആരുടേതാണ്?"

കുട്ടികൾ തമ്മിൽ പിറുപിറുത്തു.

"എന്താ?ചൂരൽ കൊണ്ടുവരണോ?"

വിനോദ് മാസ്റ്റർ ആരാഞ്ഞു. അപ്പോൾ ഒരു കുട്ടി കരഞ്ഞു കൊണ്ട് എഴുന്നേറ്റ് നിന്നു

"അത് എന്റേതാണ് സാർ".

വിനോദ് മാസ്റ്റർ ആ കുട്ടിയെ തിരിച്ചറിഞ്ഞു, താനിന്നലെ ക്ലാസിൽ നിന്ന് പുറത്താക്കിയ അതേ കുട്ടി.

"നിന്റെ പേരെന്താ മോനെ?"

"വിനോദ്!"

വിനോദ് മാസ്റ്റർ വീണ്ടും ഞെട്ടി. അദ്ദേഹം ആ കോമ്പസ്സ് കുട്ടിയെ ഏൽപ്പിച്ച് കൊണ്ട് പറഞ്ഞു.

"കോമ്പസ്സൊക്കെ സൂക്ഷിച്ച് വെക്കണ്ടെ?"

വിനോദ് മാസ്റ്ററുടെ കണ്ണ് നിറഞ്ഞു, അത് കുട്ടികൾ കാണാതിരിക്കാൻ അദ്ദേഹം മുഖം തിരിച്ചു. അദ്ദേഹത്തിന്റെ കണ്ണുനീർ മാധവൻ മാസ്റ്ററുടെ ചോരക്കറയുള്ള തറയിൽ വീണു. അത് വിനോദ് മാസ്റ്ററുടെ ഭൂതകാലത്തിന്റെ പ്രതിബിംബം പോലെ തിളങ്ങി.

# ലഹരി

ലഹരി, എന്തു ലഹരി
ലഹരികൾക്കെന്തു ലഹരി
ലഹരിയിൽ മുങ്ങിനീരാടുന്നു നാം
ഇന്നു ലഹരിയിൽ മതിമറന്നാടുന്നു നാം.

മദ്യം,മയക്കുമരുന്നുകൾ ,പലതരം ലഹരികൾ
ലഹരി ഹാ! എന്തു ലഹരി
ലഹരിയിൽ അടിമയായ് കഴിയുന്നു-
കൗമാരങ്ങൾ, പിഞ്ചുകൗമാരങ്ങൾ

അറിയുന്നില്ല നാം വരുംഭാവിയെക്കുറിച്ചോർത്ത്
കരയുന്നില്ല നാം വരുംഭാവിയെക്കുറിച്ചോർത്ത്
അതാണു ലഹരി, ലഹരിതൻ ലഹരി
ഹാ! എന്തു ലഹരി.

ചതിക്കപെടുന്നു നാം ലഹരിയിൽമുങ്ങി
മരണപ്പെടുന്നു നാം ലഹരിയിലാടി
ചിരിച്ചും, കളിച്ചും, പഠിച്ചും, ജയിച്ചും
കഴിയേണ്ടകൗമാരം, ഇന്നു ലഹരിതൻ കീഴിൽ

തോറ്റുപോകുന്നു നാം പലവട്ടം ലഹരിതൻകീഴിൽ
ഒന്നു കിട്ടിയാൽ നൂറുവേണമെന്നുനാം കരുതുന്നു.
അറിവില്ലതൻ പ്രായം, കൗമാരത്തിൻ പ്രായം
ലഹരി എന്തു ലഹരി.

ലഹരിയിൽ മുങ്ങി ബന്ധങ്ങൾ മറക്കുന്നു നാം
കുറ്റകൃത്യങ്ങൾ ചെയ്യുന്നു നാം
രക്തബന്ധം നോക്കാതെപോലും
എവിടെക്കൊണ്ടു തീർക്കുമീ പാപങ്ങൾ

ഹാ, ലഹരിതൻ പാപങ്ങൾ

ലഹരി അതാണ ലഹരി
ലഹരിതൻ ലഹരി.
കൗമാരത്തിൽ തുടങ്ങി വാർധക്യം വരെ
ഇന്നു ലഹരിതൻ കീഴിൽ

തോറ്റുപോകുന്നു നാം,
തൻെ്റ ജീവനും ജീവത്തൻലക്ഷ്യവും
ഓർക്കുന്നില്ല നാം തിരിച്ചറിയുന്നില്ല നാം
ലഹരിയിൽ മുങ്ങി, ലഹരിയിലാണ്ടുപോകുന്നു നാം.

ഹാ എന്തു കഷ്ടം.
ഓർക്കാൻ കഴിയുന്നില്ല ലഹരിയെ-
ക്കുറിച്ചോർത്ത്. ഓർക്കുംപോൾ തന്നെ-
നാം വഴുതിവീഴുന്ന ലഹരിതൻകീഴിൽ.



**- നന്ദന എൻ ജി**

# കുടിയും വലിയും



ആകുല ചിന്തകൾ നൂറായിരം
പിന്നെ പൊട്ടിത്തെറിക്കുന്ന സ്വഭാവവും,
സ്നേഹം മണസ്സിൽ നിറച്ചു നടക്കുന്ന
കൗമാരം ക്കാലമാണീയൊരുകാലം

ഇത്തരം ചിഅന്തകൾ ജീവിതത്തിൽ
ഉത്തരം മുട്ടിക്കുന്നതായിരിക്കും
അത്തരം ചിന്തയിൽ ഒന്നാണ്
മദ്യവും പുകയില ഉത്പന്നവും!

അറിയുക അറിയുക സ്നേഹിതരേ
പാമ്പിനെ വിഴ്ത്തും വിഷമാണ്!
അകത്തു ചെന്നാൽ ഇടിച്ചുവീഴ്ത്തും
കാലൻ കലിതൻ രാക്ഷസൻ!

ജാഗ്രത ജാഗ്രത പാലിക്കൂ!
വിജയം മാത്രം ലക്ഷ്യമിട്ടു
മനസ്സിൽ നന്മ നിറച്ചു വച്ച്
പടികൾ കയറൂ കൂട്ടുകാരെ...

## സ്നേഹസമ്മാനം

ഞാനും എൻെറ അമ്മയും ,അച്ഛനും അടങ്ങുന്നതാണ് എൻെറ കൊച്ചു കുടുംബം എന്നാൽ അച്ഛനും അമ്മയും എന്റെ ഓർമ്മകളിൽ രണ്ട് നക്ഷത്രങ്ങളെ പോലെ പ്രകാശിച്ചിരിക്കുന്നു . അവർ ഈ ലോകത്തു നിന്ന് വിട പറഞ്ഞിരിക്കുന്നു.

എൻെറ മാതാപിതാക്കൾ ഒരുകാലത്ത് നാട്ടുകാർക്ക് പ്രിയപ്പെട്ടവരായിരുന്നു. പക്ഷെ , ആ പ്രിയത്തിനുള്ളിൽ ചതി ഉണ്ടായിരുന്നു. ആ ചതി കുടുംബത്തിൻെറ നാശത്തിനിടയായി . കുറച്ചുദിവസങ്ങൾക്ക് ശേഷം , എൻെറ അമ്മ രോഗ
ശയ്യയിലായി. അമ്മയെ ചികിത്സിക്കാൻ അച്ഛന് കഴിഞ്ഞില്ല. ചികിത്സക്ക് വലിയ തുക വേണമായിരുന്നു . അച്ഛൻ എല്ലാവരോടും പണം ചോദിച്ചു ഒരാൾ പോലും സഹായിച്ചില്ല. ദിവസങ്ങൾ കടന്നുപോയി, ഒരുനാൾ അമ്മ മരണത്തിനു കീഴടങ്ങി.എന്നെ വളർത്താൻ അച്ഛൻ ഒരുപാട് കഷ്ടപ്പെട്ടു, എന്നാലും അച്ഛൻ എൻെറ ആഗ്രഹങ്ങളൊക്കെ സാധിപ്പിച്ചിരുന്നു. ഒരിക്കൽ അച്ഛൻെറ സുഹൃത്ത് വിദേശത്തു നിന്നും വന്നു. എന്നിട്ട് അച്ഛനെ വിദേശത്തു കൊണ്ടു പോവാൻ
പ്രേരിപ്പിച്ചു .തൻെറ അവസ്ഥ മനസ്സിലാക്കി അദ്ദേഹം പോവാൻ സമ്മതിച്ചു. ഇതറഞ്ഞ ഞാൻ അച്ഛനോട് കുറേ പറഞ്ഞു "അച്ഛാ പോവല്ലേ "എന്ന്. പക്ഷ അച്ഛൻ എൻെറ ഭാവിയോർത്ത് വിഷമിച്ചത്തു കാരണം അച്ഛൻ പോകാൻ സമ്മതിച്ചു.പോകാനുള്ള ദിവസം എത്തി.

അന്ന് വീട്ടിൽ വലിയ ആഘോഷമായിരുന്നു. ബന്ധുക്കളും , കൂട്ടുകാരും
എല്ലാവരും വന്നു. അച്ഛനെ എല്ലാവരും ഒരു നല്ല
യാത്ര അയപ്പുതന്നെ നൽകി. എന്നാൽ ഞാൻ മാത്രം വളരെ
വിഷമത്തിലായിരുന്നു. അമ്മ ഇല്ല
ഇപ്പോൾ അച്ഛനും എന്നെ വിട്ടു പോകുന്നു.

ആ സമയത്ത് അച്ഛൻ എൻെറ അടുത്ത് വന്ന് പറഞ്ഞു "മകളെ ഞാൻ ഒരിക്കൽ വരുമ്പോൾ
നിനക്ക് ഒരു സ്നേഹോപകാരം തരും". ഞാൻ എപ്പോഴും അച്ഛൻെറ വരവിനെ

കുറിച്ചാലോചിക്കും.

അച്ഛൻ എപ്പോഴും കത്തയക്കുമായിരുന്നു , ആ കത്തിൽ

എപ്പോഴും ആ

സ്നേഹോപകാരത്തിന്റെ കാര്യം പറയുമായിരുന്നു.

ഞാൻ സ്നേഹസമ്മാനത്തിനായി കാത്തുനിന്നു

നാളുകൾ കടന്നുപോയി

ഇന്ന് വളരെ സന്തോഷമേറിയ ദിവസമാണ്,

അച്ഛൻ ഇന്നാണ് വരുന്നത് . ഇല്ലാവരും ഇന്ന് നല്ല ആഘോഷത്തിലാണ് ,

ഞാൻ അടുക്കളയിൽ

ഉണ്ടായിരുന്നു. പെട്ടെന്ന് ഒരു ആംബുലൻസിന്റെ ശബ്ദം . ആരാണത

എന്ന് ഞാൻ ചിന്തിക്കുമ്പോൾ

ഏട്ടൻ എന്റെ അരികിൽ വന്ന് വിഷമത്തോടെ

പറഞ്ഞു "മോളേ നിന്റെ അച്ഛൻ പോയി'

അത് കെട്ടപ്പോൾ എന്റെ നെഞ്ചു പിടഞ്ഞു പോയി

എന്റെ തിളങ്ങി നിന്ന നക്ഷത്രങ്ങളിൽ രണ്ടാമത്തേതും പോയിരിക്കുന്ന.

എന്റെ കൂടെ എന്നും അച്ഛന്റെ ഓർമകൾ ഉണ്ടാകുമെന്ന് വിചാരിക്കുന്നു.

ഫാതിമത്തുൽ റസ്വാൻ . എൻ

viii-b

## അഹങ്കാരത്തിന് കിട്ടിയ പണി...

ഒരിടത്തൊരിടത്ത് ഒരു എലിയും തവളയും ഉണ്ടായിരുന്നു. അവർ രണ്ടുപേരും പണക്കാരായിരുന്നു. തവളയെടുത്ത വീടിനെക്കാൾ വലിയ വീട് എലിയെടുക്കാൻ തീരുമാനിച്ചു. തവളയുടെ വീട്ടിൽ പോകാൻ വലിയ നടപ്പാത നാട്ടുകാർക്ക് കിട്ടി. ഒരു ദിവസം എലി അതിൽ കൂടെ നടന്നുപോകുന്നത് തവളയ്ക്ക് ഇഷ്ടമായില്ല. അവർ രണ്ടുപേരും തർക്കത്തിനിടയായി. ഇതിനിടെ ഒരു പരുന്ത് പറന്നുവരുന്നത് അവർ കണ്ടില്ല. പരുന്ത് അവരെ റാഞ്ചിയെടുത്തു പറന്നുപോയി.

കൂട്ടുകാരെ ഇതുപോലുള്ള ശിക്ഷയാണ് അഹങ്കരിച്ചാൽ കിട്ടുന്നത്.

ചന്ദന .കെ

# പ്രപഞ്ചം

എത്ര സുന്ദരമീ ഭൂമി
എത്ര സുന്ദരമീ മിന്നിതിളങ്ങും
താരകങ്ങൾ
എത്ര സുന്ദരമീ നിലാവുപരത്തും
ചന്ദ്രൻ
എത്ര സുന്ദരമീ ജ്വലിച്ച നിൽക്കും
സൂര്യൻ
എത്ര കല്പ വൃക്ഷങ്ങൾ
എത്ര മനോഹരമായ പുഷ്പങ്ങൾ
എത്ര ജീവജാലങ്ങളീ ഭൂമിയിൽ
പച്ചപ്പുകൊണ്ടു പുതപ്പിക്കാം
നമ്മുടെ ഭൂമിയെ

അർപ്പിത അനീഷ്

# The Trumpet of Marine

All cases which Suryakumar investigated were twisted ones, but one had a clear line in Surya's sense.

It was night 8:00 pm Surya was having his dinner. Suddenly bell rang and Surya told ,

"Yes come in Marine"

Marine came with an excitement.

"Sir, how did you know it was me"

Ha ha! I saw the news in the newspaper, you are looking for an Investigator to find your Trumpet. And I believed that you would come to me."

Marine said,

" Sir, the news in the paper is a fake one. The real one is my Trumpet is missing the Trumpet box is full of only gold coloured dust."

Marine's eyes was filled with tears. Surya convinced her. Surya gave Marine a coffee and asked him .

" Marine name the places you visited in the last month."

"Surya I went to Greenland, Tamil nadu and Nigeria." Marine thought for a second and said

" The plane which I travelled got fire but

only the luggage except my Trumpet box were burned. When the plane reached Greenland there was a huge heat in the Trumpet box. In Greenland it was winter season. So it was too much cold."

Surya's face had a smile. He told

" Marine I know where is your Trumpet.The gold dust in your Trumpet box is Trumpet. The Trumpet just powdered down." Marine was amazed . " How did it happen?"

Surya told

"According to Chemistry when you suddenly cool a extremely hot substance, it will be powdered."

Marine was so happy when she cleared the doubts for her.

# The duplicate diamond necklace

-N.P

(Niranjan Pramod)

It was 7:30am in the morning Suryakumar was taking his morning walk, from his house to second dran street and return.

Cold had freezed the people on the street. They were wearing sweater. Surya was also wearing one.

Suddenly a man came and catched Surya's hand. He was a red haired gentle man. He wanted to say something to Surya. But before he could start Surya stoped stopped him.

"Hey I know, you want to talk with me, but not here come to my home, please." The man agreed. They two walked to Surya's house. The man sat on a chair. Surya told.

"So, you are here, to talk about a very serious matter which happened in your family before many days."

The man was very surprised he told

"Sir, I didn't tell you anything about me then how did you figured that I had a problem."

"It is simple, because your eyes and the surroundings are black in colour which means you didn't sleep for days and also you didn't ware your sweater in this freezing winter. That means your are worried about something which happened in your family our workplace."

"Yes Sir you are correct ! It happened in my home and

also at workplace.

Sir, I am a very famous Computer Engineer, working in Tom stock company. My name is Ajith . In my company there is no one who can challenge me in computer things. But only one man always challenges me , his name is kumar. He always wanted to be first in the company, but in my presence.

One day our Boss called me and gave me a chip. Boss told me that the chip contain the Governments income plan and told me to keep it with me. I took to home and I bought a duplicate diamond necklace and kept the chip inside the necklace. I gave the necklace to my wife, she kept it inside the shelf. And the next day when I was in my car to the company,Boss called me and told me that the company had a holiday for five days because of the death of our MD. After two days when my wife and me returned home after shopping . I went to my room and I saw the shelf opened and the diamond necklace was broken and the diamonds laid on the ground. I was terrified and I shouted. Hearing my shout my wife came in and we called the Police. The Police came,checked the whole room but no fingerprints. Not only that Boss told me to bring the chip to the office after the holiday."

Ajith closed his face not to show his tears rolling down his cheeks. Surya asked

"Do you suspect anyone?"

"Yes, I suspect all of my workers in home, Ram, Sanjith and Lana."

Surya was now interested in the case.

"Mr Ajith I will investigate this case. I will come to your home on Monday. Be ready."

On Monday Surya went to Ajith's home. Ajith was waiting for Surya.

"Ajith I want to ask you some question."

"yes,sure sir you can ask anything."

" O.K then Ajith you told me that there are three workers in your home, right."

" Yes Sir, but it's not three but five of them."

" I see .So what all work do they do?"

Ajith thought for a while and reply.

" Ram is my cook, Sanjith is my driver ,Lana is my housemaid , Chandru who is the gardner and Suji who is my assistant."

"Ajith, are they all here in this house?I want to see them all. One by one."

Surya went to Ram 's room first. He was a baldheaded men. He always chewed bubblegum. When Surya checked his dustbin he saw a lots of bubblegum.

Then he went to Sanjith's room , he was a man with red cap. His hands was very powerful.

Then in Lana's roomSurya saw a n old women with wrinkled face. Her room was full of cloths.

In Chandru's room there was smell of flowers and leaves.

In Suji's room Surya could see only files of Ajith.

After looking Ajith's room and the fallen diamonds Surya came to a conclusion. Hs told,

"Look ajith I think I am found the culprit."

Ajith couldn't hide his excitement.

" Oh! You are great Sir,please tell me who is that?"

" It's your cook Ram who opened the shelf and it was your gardner chandru who was with him."

Hearing this Ajith called the police. The Police questioned Ram and Chandru. They accepted the theft. Surya came in suddenly and said,

"Do you all want to hear what happened ?

" Yes Sir we do."

Surya started talking,

" Ajith , when you told me that Kumar was also your suspect, I thought it would be Kumar for real. But beyond my thought when I entered your room I saw knife markings on your shelf's handle. From this I was sure that a man who uses it daily had done it. And in your diamonds, one of them had bubblegum in it , only a small part.

This way I figured that Ram was the one who tried to open it , and Chandru was near him. When Ram got the necklace he heard your car's horn, he was scared, he threw it to Chandru. Chandru couldn't catch it , it felled down and it broke . They two took the big one and ran to their own rooms. Chandru had the diamond. When you entered the house he threw it out through the window. It fell in to the Cactus plant near the mudplot. In these two days he tried to take it. I could figure that because I saw cactus thorns on Chandru's hand. Blood was coming from his hand, and his shoes I saw blackmud. The mudplot also had blackmud.Ajith if you want to find it you should clear the cactus and tried to look after it."

Surya's imagination was right the diamond which had the chip was found from the cactus plant. This case only become a small part of his career.

- Niranjan pramod

# Childhood Springs

Take my wealth....
Take my prestige....
Even take my beautiful youth
But give me back my beautiful childhood

The paper boats....
The rain drops....
how beautiful was it....
The rainbow....
The dragon fly....
Will it come again?

Farhana Sherin

# Cinquains

**Cinquains:** a short poem of lines with one following pattern

Line 1- Word/Noun
Line 2- Description
Line 3- Action
Line 4- Same statement about the subject
Line 5- The subject expressed in other words

Eg

Friend
Sweet, Truthful
Helping, caring, guiding
Always like a shade with us
Love

Mother
Sweet, kind hearted
Loving, caring, friendly
Always with us like a shadow
Love

Adithyan.P.K

# SMILE

A SMILE IS QUITE FUNNY THING
IT WRINKLES UP YOUR FACE
AND WHEN IT GONE
YOU'LL N
EVER FIND
ITS SECRET HIDING PLACE
BUT FUR MORE WONDERFUL IT IS
TO SEE WHAT SMILES ON DO
YOU SMILE AT ONE
HE SMILES AT YOU

AND SO ONE SMILE MAKES TWO

AFNAN IQBAL

# QUIZ

1)Which was the indigeneous feature film of India?
a)Raja Harichandra.

2)Which artist painted 'The Scream'?
a)Edward Munch.

3)Who is the creator of James Bond Films?
a)Ian Fleming.

4)Which great novelist wrote under Pen 'Boz'?
a)Charles Dickens.

5)What is the first line of Moby Dick?
a)Call me Ishmael.

6)Who complied the first dictionary?
a)Dr. Samuel Johnson.

Sayooj S
9-th B

# QUOTES ABOUT EDUCATION

“EDUCATION IS NOT FILLING
A PAIL BUT THE LIGHTING
OF FIRE.”

-WILLIAM

“EDUCATION IS NOT THE LEARNING
OF FACTS , BUT THE TRAINING OF
THE MIND TO THINK.”

-ALBERT EINSTEIN

“SOME OF THE BRIGHTEST MIND IN
THE COUNTRY CAN BE FOUND ON
THE LAST BENCH OF THE CLASSROOM.”

A P J ABDUL KALAM

Namratha Anil
9-th B

# Music

Music is in the heart of all,
It makes you fall,
Have different meanings,
And lovely feelings.

Makes you dance and sing everywhere,
Tunes fill the air,
Like rock and pop,
Won't make you stop.

It is lovely to hear at night,
Music is right,
Inspiration,
Motivation...

sanjana

# WRITES MUSIC OF MY SOUL

The mountains are my bones
The rivers are my veins
The forests are my thoughts
And the stars are my dreams
The ocean is my heart
It's pounding is my pulse
The songs of the Earth
Writes music of my soul

BY

FARHANA SHERIN,IX B

# NATURE POEM

It's a fun to plant a poem or to
Whom you are raining words
Grow one from any seeds you
like,A leaf,Two Bees,Three Birds

Words run like April showers
like nectar on your tongue
Catch them and see your poem
like plants when spring has sprang

SREELAL K.P
IX B



QUIZ

- WHICH WAS THE FIRST INDIGENOUS FEATURE FILM OF INDIA?
- RAJA HARICHANDRA
  - WHICH ARTIST PAINTED THE PICTURE "SCREAM"?EDVARD MUNCH
- WHO IS THE CREATOR OF JAMES BOND FILMS ?
- LAN FLEMING
- WHICH GREAT NOVELIST WROTE UNDER THE PEN NAMED 'BOZ'?
- CHARLES DICKENS
- WHAT IS THE FIRST LINE OF MOBY DICK?
- CALL ME ISHMAEL
- WHO WROTE CANTERBURY TALES?
- GEOFFREY CHAUCER
- WHO COMPILED FIRST ENGLISH DICTIONARY?
- Dr. SAMUEL JOHNSON

## Surprising Number Pattern

Here are some more charmers of Mathematic that depend on surprising nature of its number system.You might ask them why multiplying by a such unusual results.Once they see that a is one less than the base 10,they might get other ideas to develop multiplication patterns.

0.9+1=1
1.9+2=11
12.9+3=111
123.9+4=1111
1234.9+5=11111
12345.9+6=111111
123456.9+7=1111111
1234567.9+8=11111111
123456789.9+9=111111111

0.9+8=8
9.9+7=88
9.98+6=888
9.987+5=8888
9.9876+4=88888
9.98765+3=888888
9.987654+2=8888888
9.9876543+1=88888888

# Our Rich Garden




# Library






# Geometrical figure



# photo gallery





























# കടപ്പാട്

*ചൊവ്വ ഹയർ സെക്കൻഡറി സ്ക്കൂളിലെ എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും, എഡിറ്റോറിയൽ അംഗങ്ങളായ ശ്രീലാൽ.കെ.പി,ആദിത്യൻപി.കെ,ഫർഹാന ഷെറിൻ,നന്ദന സജീവൻ,ഉജ്ജ്വൽ കെ.സി,നംമ്രത അനിൽ,പ്രിയംവദ എം,ആർഷ. കെ.രാജ് എന്നിവർക്കും,ഹെഡ്മിസ്ട്രസ്സായ സി.എം.ആശ ടീച്ചർക്കുംകൈറ്റ് മാസ്റ്ററായ കൃഷ്ണമുരളി മാസ്റ്റർക്കും,കൈറ്റ് മിസ്ട്രസ്സായ ശ്രീജ.പി ടീച്ചർക്കും,,മലയാളം അധ്യാപികയായ ഷെർളി ടീച്ചർക്കും, മറ്റ് സഹായങ്ങൾ ചെയ്തുതന്ന ഏവർക്കും ലിറ്റിൽ കൈറ്റ്സിന്റെ കൃതജ്ഞത അറിയിക്കുന്നു.*